"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്- 2016-17 സാമ്പത്തിക വർഷം അംബേദ്കർ ഗ്രാമവികസന സ്കീമിൽ മലപ്പുറം ജില്ലയിലെ മീൻകുഴി നഗരിയിൽ കോളനി നവീകരണ പ്രവൃത്തിയ്ക്ക് കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് (KAICO)അനുവദിച്ചതും പിന്നീട് സർക്കാർ റസ്യൂം ചെയ്തതുമായ തുക തിരികെ നൽകുന്നത്- അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ വികസന (ബി )വകുപ്പ്**

സ.ഉ.(സാധാ) നം.227/2024/SCSTD തീയതി,തിരുവനന്തപുരം, 19-03-2024

---

പരാമർശം:-

1. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മാനേജിങ് ഡയറക്ടറുടെ 5/7/2022 ലെ KAICO/C144/157 നമ്പർ കത്ത്.
2. സ.ഉ(സാധാ) നം.967/2023/കൃഷി തീയതി 5.10.2023
3. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 22.12.2023 ലെ Dev C1.9260/19 നമ്പർ കത്ത് .
4. കൃഷി വകുപ്പ് ഡയറക്ടറുടെ 28.12.2023 ലെ ADFW/4212/2022-TP3 നമ്പർ കത്ത്.

**ഉത്തരവ്**

പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽ നിന്നും തെരെഞ്ഞെടുത്ത കോളനിയുടെ വികസന പ്രവർത്തനങ്ങളുടെ നിർവഹണ ഏജൻസിയായി കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ (KAICO) യാണ് ചുമതലപ്പെടുത്തിയിരുന്നത്. പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി പട്ടികജാതി വികസന വകുപ്പ് 50 ലക്ഷം രൂപ KAICO യുടെ STSB 701011400000354 എന്ന ട്രഷറി അക്കൗണ്ടിലേയ്ക്ക് മാറ്റിയിരുന്നു. ഇതിൽ നിന്നും 16,66,952/- രൂപ അംബേദ്കർ ഗ്രാമയോജന സ്കീമിലെ കോളനി വർക്കിന് ചിലവാക്കിയിട്ടുള്ളതും ബാക്കി തുകയായ 33,33,048/- രൂപ പ്രസ്തുത STSB അക്കൗണ്ടിൽ നിന്നും തിരിച്ച് പിടിച്ചിട്ടുള്ളതുമാണ്. കോളനി വർക്കുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ള സാഹചര്യത്തിൽ കോൺട്രാക്ടർക്ക് നൽകേണ്ട ശേഷിയ്ക്കുന്ന തുകയായ 33,33,048/- രൂപ തിരികെ ലഭ്യമാക്കുവാനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് KAICO മാനേജിങ് ഡയറക്ടർ പരാമർശം (1) കത്ത് പ്രകാരം കൃഷി വകുപ്പിനോട് അഭ്യർത്ഥിച്ചിരുന്നു .

2. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷന്റെ(കെയ്‌കോ) STSB അക്കൗണ്ടിൽ നിന്നും റെസ്യൂം ചെയ്ത 33,33,048/- രൂപ 2225-01-800-57 (PV) ശീർഷകത്തിലെ നടപ്പ് വർഷത്തെ വിഹിതത്തിന്റെ ലഭ്യതക്ക് വിധേയമായി തിരികെ നൽകുന്നതിനും, 2075-00-911-94-

00-00-00-NV എന്ന ശീർഷകത്തിലേക്കു റെസ്യൂം ചെയ്ത പ്രസ്തുത തുക 2225-01-800-57 (PV) ശീർഷകത്തിലേക്കു മാറ്റി വരവ് വയ്ക്കുന്നതിനും കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി പരാമർശം (2) പ്രകാരം കൃഷി വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. പരാമർശം (2) ഉത്തരവിൽ പ്രതിപാദിക്കുന്ന ശീർഷകങ്ങൾ കൃഷി വകുപ്പ് ഉപയോഗിക്കുന്നതല്ലാത്തതിനാൽ, അംബേദ്കർ പദ്ധതിയിൽ അനുവദിച്ച 50 ലക്ഷം രൂപയിൽ ചിലവായ തുകയുടെ ബാക്കി തുകയായ 33,33,048/- രൂപ ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് കൃഷി വകുപ്പ് ഡയറക്ടർ പട്ടികജാതി വികസന വകുപ്പിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പട്ടികജാതി വികസന വകുപ്പിൽ നിന്നും 2016-2017 ൽ തുക അനുവദിച്ചത് 2225-01-800-57 ശീർഷകത്തിലാണെന്നും നിലവിൽ അംബേദ്കർ പദ്ധതിയിൽ തുക അനുവദിക്കുന്നത് 2225-01-283-85 ശീർഷകത്തിലാണെന്നും പ്രസ്തുത ശീർഷകത്തിൽ നിന്നും തുക അനുവദിക്കുന്നതിന് സർക്കാരിന്റെ പ്രത്യേകം അനുമതി വേണമെന്നും പരാമർശം (3) പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ടെന്നും അതിനാൽ പരാമർശം (2) ഉത്തരവ് നടപ്പിലാക്കുന്നതിൽ വ്യക്തത വരുത്തണമെന്നും പരാമർശം (4 )പ്രകാരം കൃഷി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ(KAICO), STSB അക്കൗണ്ടിൽ നിന്നും റസ്യൂം ചെയ്ത 33,33,048/- രൂപ (മുപ്പത്തി മൂന്ന് ലക്ഷത്തി മുപ്പത്തിമൂന്നായിരത്തി നാൽപത്തിയെട്ട് രൂപ മാത്രം) പട്ടികജാതി വികസന വകുപ്പിന്റെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയുടെ ശീർഷകമായ 2225-01-283-85 (PV) ശീർഷകത്തിലെ നടപ്പ് വർഷത്തെ വിഹിതത്തിൽ നിന്ന് ചുവടെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

(എ) ഫണ്ട് ബാങ്കുകളിലോ മറ്റു ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപിക്കാൻ പാടുള്ളതല്ല.

(ബി) ഫണ്ട് അനുവദിച്ചിരിക്കുന്ന നിശ്ചിത ആവശ്യത്തിനു മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. യാതൊരു കാരണവശാലും വക മാറ്റി ചെലവഴിക്കാൻ പാടില്ല.

(സി) ഇനം തിരിച്ചുള്ള ചെലവുകളുടെ സ്റ്റേറ്റ്മെന്റും നിശ്ചിത പ്രൊഫോർമയിലുള്ള വിനിയോഗ സർട്ടിഫിക്കറ്റും അടുത്ത റിലീസിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

(ഡി) 09.12.2008 തീയതിയിലെ സർക്കുലർ നം. 84/2008/ധന, 29.08.2009 തീയതിയിലെ സർക്കുലർ നം. 75/2009/ധന, 30.01/2018 തീയതിയിലെ സർക്കുലർ നം. 08/2018/ധന, 04.01.2021 തീയതിയിലെ സർക്കുലർ നം.01/2021/ധന എന്നിവയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സ്വപ്ന.എം

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് , തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ( എ & ഇ / ജി & എസ്.എസ്.എ),കേരള,

തിരുവനന്തപുരം

കൃഷി വകുപ്പ് (vide 2277071/AGRI-PU3/93/2017-AGRI-Part(3) )

ധനകാര്യവകുപ്പ് (vide No.1628536/PU-B1/93/2020-FIN)

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Sreelekha. G.

Date: 19-03-2024 17:13:28

സെക്ഷൻ ഓഫീസർ

പകർപ്പ് :-പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ പി. എസ്. ന്

അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി. എ. ക്ക്